**നായം ജനോ മേ സുഖദു:ഖ ഹേതുർന്ന ദേവതാ*ff*ത്മാ ഗ്രഹകർമ്മകാലാ:**
**മന: പരം കാരണമാമനന്തി സംസാരചക്രം പരിവർത്തയേദ്യത് (11-23-43)**
**ന കേനചിത് ക്വാപി കഥഞ്ചനാസ്യ ദ്വന്ദോപരാഗ: പരത: പരസ്യ**
**യഥാഹമ: സംസൃതി രൂപിണ: സ്യാ ദേവം പ്രബുദ്ധോ ന ബിഭേതി ഭൂതൈ: (11-23-57)**

*അവന്തിബ്രാഹ്മണൻ സ്വയം പറഞ്ഞു:*
എൻെറ സുഖദു:ഖങ്ങൾക്ക് കാരണക്കാർ ഈ മനുഷ്യരോ, ദേവൻമാരോ, ആത്മാവോ, നക്ഷത്രങ്ങളോ, ഗ്രഹങ്ങളോ, കർമ്മമോ കാലമോ ഒന്നുമല്ല. മനസ്സു മാത്രമാണതിനു കാരണം. മനസ്സാണല്ലോ ജനന മരണചക്രത്തിനെ തിരിക്കുന്നത്. മനസ്സ് ത്രിഗുണങ്ങളെ കർമ്മോൻമുഖമാക്കി അതിൽനിന്നും വിവിധതരം കർമ്മങ്ങളും പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്നു. അങ്ങിനെ ഒരുവൻ തുടരെത്തുടരെ ജനനമരണങ്ങൾ അനുഭവിക്കുന്നു. എൻെറ ഹൃദയത്തിൽ സ്ഥിതനായിട്ടുള്ള ഭഗവാൻ ഒരു സാക്ഷിയത്രെ. അദ്ദേഹമാണെൻെറ ഉത്തമ സുഹൃത്ത്. എന്നാൽ ഞാൻ -ജീവൻ- മനസ്സു കൊണ്ടുപോവുന്ന മാറ്റങ്ങളിലുഴറി ബന്ധിതനാവുന്നു. ദാനധർമ്മങ്ങളെപ്പറ്റി ജനങ്ങൾ വാഴ്ത്തിപ്പാടുന്നു. എന്നാൽ മനസ്സു ശാന്തമാക്കിയവന് ദാനം കൊണ്ടെന്ത് നേടാനാവും? അതുപോലെ മനസ്സ് നിയന്ത്രിക്കാത്തവന് ദാനം കൊണ്ടെന്തു നേട്ടമുണ്ടാവാനാണ്! സ്വയം തൻെറ ശത്രുവായ മനസ്സിനെ നിയന്ത്രിക്കാത്തവൻ മറ്റുള്ളവരെ മിത്രങ്ങളായും ശത്രുക്കളായും എണ്ണുന്നു.

മറ്റൊരാളെ എൻെറ വേദനയ്ക്ക് ഞാൻ കുറ്റപ്പെടുത്തിയാൽ ഒരു ശരീരം മറ്റൊന്നിനെ ദ്രോഹിക്കുന്നു എന്നല്ലേ അർത്ഥം? പല്ല് വിരലിനെ കടിച്ച് മുറിവേൽപ്പിച്ചാൽ ആരെയാണ് കുറ്റപ്പെടുത്തുക? അതുപോലെ ഒരു ദേവനെ ഒരുവൻെറ ദു:ഖത്തിന് കാരണമായി കണ്ടാൽ ആ ദേവൻ സ്വയം പീഢിപ്പിക്കുന്നു - ദേവൻമാർ ഓരോ ശരീരഭാഗങ്ങളുടെയും അധിദേവതകളത്രെ. പീഢനം ആത്മാവിനേൽക്കുന്നില്ല. കാരണം മനസ്സിനും ഇന്ദ്രിയങ്ങൾക്കും അതീതനാണല്ലോ ആത്മാവ്. എന്നാൽ ആത്മാവാണ് ദു:ഖത്തിനുത്തരവാദി എന്നു വന്നാൽ സ്വന്തം ആത്മാവിനോട് കയർത്തു നിൽക്കുന്നതിൽ എന്താണൊരു യുക്തി? നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും മറ്റും അവയുടെ ഉപകാരപ്രദവും ദ്രോഹപരവുമായ സ്വാധീനം ചെലുത്താൻ കഴിയുന്നത് ശരീരത്തിൽ മാത്രമാണ്.

അപ്പോൾ ഞാൻ -ആത്മാവ്- അവയോട് ക്രോധം വച്ചു പുലർത്തുന്നതെന്തിനാണ്? അതുപോലെ കർമ്മം ബാധിക്കുന്നത് ശരീരത്തെയാണ്. കർമ്മമാണ് ശരീരത്തിൻെറ ഹേതു. ശരീരം ദ്രവ്യവും ആത്മാവ് ശുദ്ധബോധവുമത്രെ. വെറും ദ്രവ്യവസ്തുവിനോ, ശുദ്ധബോധത്തിനോ സ്വയം പ്രവർത്തിക്കാൻ കഴിവില്ലാത്തതുകൊണ്ട്, കർമ്മത്തെ വാസ്തവമെന്ന് പറയാൻ വയ്യ. എന്നാൽ സമയത്തെ കുറ്റപ്പെടുത്താമെന്നുവച്ചാൽ ആത്മാവും കാലവും പരംപൊരുളുമായി താദാത്മ്യം പ്രാപിച്ചിരിക്കുന്നതുകൊണ്ട് അതും യുക്തിയല്ല. അതുകൊണ്ട് സർവ്വാന്തര്യാമിയും, അപരിമേയനും, ശുദ്ധബോധവും, ദ്രവ്യാവസ്ഥകൾക്ക് വിധേയമല്ലാത്തതും ആയ ആത്മാവിന് നമുക്കുണ്ടാകുന്ന ദു:ഖങ്ങളിൽ യാതൊരു പങ്കുമില്ല. മായികമായ അഹങ്കാരബോധത്തിനാലാണ് ദു:ഖം ഉണ്ടാവുന്നത്. ഈ സത്യമറിഞ്ഞവന് ഒരു ജീവിയേയും ഭയപ്പെടേണ്ടതില്ല. ഈ സാക്ഷാത്ക്കാരത്തിൽ മനസ്സുറപ്പിച്ച് ഭഗവാൻ കൃഷ്ണൻെറ കൃപയാൽ ഈ മായികമായ സംസാരത്തിനെ ഞാനുപേക്ഷിക്കുന്നതാണ്.

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
അങ്ങിനെ നിങ്ങൾ സർവ്വാത്മനാ എന്നിൽ ശ്രദ്ധകേന്ദ്രീകരിച്ച് മനസ്സു നിയന്ത്രിക്കൂ. ഇതാണ് ഉത്തമമായ യോഗം. ആരൊരുവൻ ആവേശഭരിതവും ഉദാത്തവുമായ ഈ അവന്തിബ്രാഹ്മണ ചരിതം ധ്യാനിക്കുന്നുവോ അയാളെ സുഖദു:ഖങ്ങൾ തുടങ്ങിയ ദ്വന്ദഭാവങ്ങൾ ബാധിക്കുന്നതല്ല.